**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ആശ്രയ പദ്ധതി - കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ രണ്ടാംഘട്ട ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി നെടുങ്കുഴി വയലിൽ ശ്രീധരൻ എന്നയാളുടെ കുടുംബത്തിന് വീട് മെയിന്റനൻസിനായി വകയിരുത്തിയിരുന്ന തുക ഭവന നിർമ്മാണത്തിനായി എന്ന് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം. 960/2016/തസ്വഭവ. തിരുവനന്തപുരം, തീയതി 01.03.2016.

---

പരാമർശം:-(1) 19/07/2014 ലെ സ.ഉ.(സാധാ) നമ്പർ 1862/2014/തസ്വഭവ നമ്പർ ഉത്തരവ്.

(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05.02.2016 ലെ കെ.എസ്./എൽ/6584/2013 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ, കുറുമാത്തൂർ, ചൊക്ലി, ഉദയഗിരി, കല്ല്യാശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളുടെയും പയ്യന്നൂർ നഗരസഭയുടെയും രണ്ടാം ഘട്ട ആശ്രയ പദ്ധതിക്ക് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ടി ഉത്തരവിൽ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ രണ്ടാം ഘട്ട ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താവായ നെടുങ്കുഴി വയലിൽ ശ്രീധരൻ എന്നയാൾക്ക് വീട്ടു മെയിന്റനൻസിനാണ് തുക വകയിരുത്തിയിരുന്നതെന്നും ആയത് ഭവന നിർമ്മാണം എന്ന് ഭേദഗതി ചെയ്ത് ഉത്തരവാകണമെന്നും പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ രണ്ടാം ഘട്ട ആശ്രയ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താവായ നെടുങ്കുഴി വയലിൽ ശ്രീധരൻ എന്നയാളുടെ കുടുംബത്തിന് വീട് മെയിന്റനൻസിനായി വകയിരുത്തിയിരുന്ന തുക ഭവന നിർമ്മാണത്തിനായി എന്ന് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. ആയതിലേയ്ക്ക് അധികമായി ചെലവാകുന്ന തുക ടി പഞ്ചായത്ത് വഹിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**എൻ. വിശ്രുതൻ ആചാരി**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
സെക്രട്ടറി, ചൊക്ലി ഗ്രാമ പഞ്ചായത്ത്, കണ്ണൂർ ജില്ല.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**